TAPAL
Date: 11/10/18
D(SWM)
11-10-18

**കേരള സർക്കാർ**

തദ്ദേശസ്വയംഭരണ വകുപ്പ് - സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) ഖര-ദ്രവ മാലിന്യ പരിപാലന ഘടകം ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്കുള്ള കേന്ദ്ര വിഹിതമായതിനാൽ പ്രസ്തുത ഫണ്ട് **100%** സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ ലഭ്യമായ തുകയിൽ ഈ മേഖലയിലെ പ്രോജക്ടുകൾക്ക് വകയിരുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന മാലിന്യ പരിപാലന പദ്ധതികൾക്ക് വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.2400/2018/തസ്വഭവ തിരുവനന്തപുരം, തീയതി 10.09.2018

---

പരാമർശം :- 1) 05.08.2018 ലെ സ.ഉ.(സാധാ)നം.2159/2018/തസ്വഭവ നമ്പർ ഉത്തരവ്

2) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.08.2018 ലെ 2398/d/2015/SM നമ്പർ കുറിപ്പ്

**ഉത്തരവ്**

സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) ഖര-ദ്രവ മാലിന്യ പരിപാലന ഘടകം ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്കുള്ള കേന്ദ്ര വിഹിതമായതിനാൽ പ്രസ്തുത ഫണ്ട് 100% [സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപ വരെ] ഈ മേഖലയിലെ സ്ഥാപനതല, കമ്മ്യൂണിറ്റിതല പ്രോജക്ടുകൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ വകയിരുത്തി വിനിയോഗിക്കുന്നതിനു അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്

2. സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) ഖര-ദ്രവ മാലിന്യ പരിപാലന ഘടകം ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്കുള്ള കേന്ദ്ര വിഹിതമായതിനാൽ പ്രസ്തുത ഫണ്ട് 100% സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ ) പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ ലഭ്യമായ തുകയിൽ ഈ മേഖലയിലെ പ്രോജക്ടുകൾക്ക് വകയിരുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന മാലിന്യ പരിപാലന പദ്ധതികൾക്ക് വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) ഖര-ദ്രവ മാലിന്യ പരിപാലന ഘടകം ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്കുള്ള കേന്ദ്ര വിഹിതമായതിനാൽ പ്രസ്തുത ഫണ്ട് 100% സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ ലഭ്യമായ തുകയിൽ ഈ മേഖലയിലെ പ്രോജക്ടുകൾക്ക് വകയിരുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

സ്ഥാപനതലത്തിലും, കമ്മ്യൂണിറ്റി തലത്തിലും, ഗാർഹിക തലത്തിലും ഏറ്റെടുക്കുന്ന മാലിന്യ പരിപാലന പദ്ധതികൾക്ക് വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു എൽ**

**ഗവ.സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന )

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ